**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3486** **02-03-2023 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ ആഗ്രോ സർവീസ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ആഗ്രോ സർവീസ് സെന്ററുകൾ മുഖേന കർഷകർക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കാമോ; | (എ) | പരമ്പരാഗത കൃഷിയോടൊപ്പം ആധുനിക കാർഷിക മുറകൾ കൂടി ഉൾപ്പെടുത്തി കൃഷി ചെലവ് കുറയ്ക്കാനും അതുവഴി കർഷകരുടെ വരുമാനം കൂട്ടുന്നതിനും വേണ്ടി ബ്ലോക്ക് തലത്തിൽ രൂപീകരിക്കുന്ന കാർഷിക സേവന കേന്ദ്രങ്ങളാണ് അഗ്രോ സർവീസ് സെന്ററുകൾ. കുറഞ്ഞ ചെലവിൽ കർഷക തൊഴിലാളികളുടെയും കാർഷിക യന്ത്രോപകരണങ്ങളുടെയും സേവനം, കാർഷിക പുരോഗതിക്കാവശ്യമായ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ജൈവവളം തുടങ്ങിയ ഉൽപ്പാദനോപാധികളുടെ ഉൽപ്പാദനം, വിതരണം, പരിശീലനം, ജലസേചന സംവിധാനങ്ങളായ സ്പ്രിംഗ്ലർ, ഡ്രിപ് ഇറിഗേഷൻ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള സേവനം, മഴമറകളും, പോളി ഹൗസുകളും നിർമ്മിക്കുന്നതിനുള്ള സേവനം, കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവയിലുള്ള സേവനം തുടങ്ങിയവ അഗ്രോ സർവീസ് സെന്ററുകൾ മുഖേന കർഷകർക്ക് ലഭ്യമാണ്. |
| (ബി) | വാമനപുരം മണ്ഡലത്തിൽ നിലവിൽ എവിടെയെല്ലാമാണ് ആഗ്രോ സർവീസ് സെന്ററുകൾ പ്രവർത്തിക്കുന്നത്; | (ബി) | വാമനപുരം മണ്ഡലത്തിൽ നിലവിൽ പുല്ലമ്പാറ, ആനാട്, പനവൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നത്. |
| (സി) | മണ്ഡലത്തിൽ പുതിയതായി ആഗ്രോ സർവീസ് സെന്ററുകൾ തുടങ്ങാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ? | (സി) | മണ്ഡലത്തിൽ പുതിയതായി ആഗ്രോ സർവീസ് സെന്ററുകൾ തുടങ്ങാൻ നിലവിൽ പദ്ധതിയില്ല. |

സെക്ഷൻ ഓഫീസർ